**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1957** | **17.06.2013 ൽ മറുപടിയ്ക്ക്**

## യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാൻ പദ്ധതി

**ചോദ്യം**

**ശ്രീ. ചിറ്റയം ഗോപകുമാർ**

**മറുപടി**

**കുമാരി. പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയിൽ യുവജനങ്ങളെ ആകർഷിക്കത്തക്ക കാര്യമായ പദ്ധതികൾ നിലവിലില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വേണ്ടി നിലവിലുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശം അറിയിക്കാമോ; ആയതുമായി ബന്ധപ്പെട്ട് യുവജനകാര്യ വകുപ്പ് പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ? | (ബി) | പഞ്ചായത്ത് തലം മുതലുള്ള യൂത്ത് ക്ലബ്ബുകൾക്ക് വിവിധ കാർഷിക വികസന പദ്ധതികൾക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന ധനസഹായം നൽകി വരുന്നു. കൂടാതെ യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൃഷി - വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രി - ഫ്രണ്ട്സ് - കൃഷി സാംസ്കാരിക വേദി എന്നിവർ ചേർന്ന് സംയുക്തമായി ഹയർ സെക്കണ്ടറി, പോളിടെക്നിക്, കോളേജ്തല നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്) വിദ്യാർത്ഥികളെ മുൻനിർത്തി നടപ്പിലാക്കുന്ന 'കാർഷികസാക്ഷരത' എന്ന പദ്ധതിയുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാർഷിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അനൗപചാരികമായി കുട്ടികളിലെത്തിക്കുകയും അവരെ നല്ല കാർഷിക പടയാളികളും സന്നദ്ധ സേവകരുമായി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് 'കാർഷികസാക്ഷരത'. |

സെക്ഷൻ ഓഫീസർ